# MITHRAM
A Quarterly News Bulletin of Syro-Malabar Marol Parish

Vol. 4 No. 4 (For Private Circulation only) Dec - 2010

**Editorial Board**

Mr. K. D. Jose
Mr. George V. M.
Mr. Varkey K. V.

**Editorial Adviser**

Rev. Fr. Jabin Pathiparambil
Parish Priest

**Address:**

Kristuraj Church,
Marol Village,
Mumbai - 400 059.
Tel. 28381270 / 29205050

**Published by**

Kristuraj Parish,
Syro-Malabar Parish,
Marol,
Mumbai - 400 059.

**Printed at**

Ideal Printlinks Pvt. Ltd.,
Powai, Mumbai - 400 076.

## EDITORIAL

Vol. 4 No. 4 December, 2010

God has created everything on Earth and among all humanity is the most beautiful and perfect in all respects.

Humanity is the epicentre of all his creations since the mind or rather the brain consists of various aspects for unlimited growth in all directions. God has created a rich nature with everything needed for the above purpose.

Now it is the duty of humanity to utilize Nature for the development of mind and brain of human being; which has been achieved but neither in the right proportion nor right directions.

In the beginning, God gave love and punishment, directly. Thereafter, he exercised these through his representatives. But when knowledge has increased on a larger scale, humanity has forgotten the involvement of divinity in his actions - therby, losing control of Wisdom.

Thus, the present generation is facing a dilemma. First of all, we have to assess what is wrong in the present generation. 'Of course, there is' what every so-called intellectual says 'may be due to behavioral factor'.

It could be diagnosed as lack of wisdom due to exorbitant growth in knowledge without required proportion of divinity. This, must be the problem faced by the present generation, irrespective of their profession.

Peace and Harmony could well be what God intended when He created the human being with a mind and no human could refute these claims. So, developments made in the various fields by the present generation could use a fair dose of divinity to achieve God's aim and thus the purpose of humanity, too, by enhancing Wisdom in balancing knowledge.

To purely conclude, the presence of God in every aspects of humanity could, well, make a lot of human achievements, absolutely blissful.

**- Editorial Board**



# ഇടയശബ്ദം

**ഉണ്ണിമിശിഹായിൽ ഏറ്റവും സ്നേഹമുള്ള മാതാപിതാക്കളെ,**

എല്ലാവർക്കും ക്രിസ്തുമസ് - പുതുവത്സര ആശംസകൾ! ''അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം'' (ലൂക്കാ 2:14). കാരണം പിതാവായ ദൈവം നമുക്കു രക്ഷ നല്കുവാൻ വേണ്ടി നമ്മളെ ദൈവിക പരിപൂർണ്ണതയിൽ എത്തിക്കാൻ നമുക്ക് പറുദീസ നൽകാൻ തൻെറ പുത്രനായ ഈശോയെ നമുക്കു നൽകി. ഈ ഈശോ തൻെറ ജനനം വഴി പുത്തൻ അനുഭവങ്ങവും പുതിയ സാഹചര്യങ്ങളും പുത്തൻ ദിവസങ്ങളും ഒരു പുതുവർഷവും നമ്മുടെ മുമ്പിൽ വച്ചു നീട്ടുന്നു. ഈ ക്രിസ്തുമസ്സും പുതുവർഷവും ഒരു പുതിയ മാറ്റത്തിന് തുടക്കം കുറിക്കട്ടെ. ഈ മാറ്റം മാതാപിതാക്കളിലും കുട്ടികളിലും കുടുംബങ്ങളിലും അങ്ങനെ ഇടവകയിലും സാധ്യമാകുമ്പോൾ നമ്മൾ ജീവിക്കുന്ന സമൂഹത്തിൻെറ മുമ്പിൽ നമുക്ക് ക്രിസ്തുമസ്സിനും പുതുവത്സരത്തിനും പുതിയ അർത്ഥവും സാക്ഷ്യവും നൽകാൻ സാധിക്കുന്നു. അങ്ങനെ മറ്റുള്ളവർ നമ്മളിലൂടെ നമ്മുടെ ജീവിതാവസ്ഥകളിലൂടെ ഈശോയെ കണ്ടുമുട്ടുന്നു.

ക്രിസ്തുമസ് ദിനത്തിലൂടെ പിതാവായ ദൈവം നമ്മളെ സ്വന്തമാക്കുവാനും സൗഹൃദം പങ്കിടുവാനുമായി തൻെറ എല്ലാമെല്ലാമായ സ്വന്തം പുത്രനെയും അവൻെറ ജീവനേയും നമ്മുടെ മുമ്പിൽ വച്ചു നീട്ടുന്നു. നമുക്കും ഈ പിതാവായ ദൈവത്തിൻെറ മനോഭാവത്തിലേയ്ക്ക് കടുന്നുവരാം- കുടുംബത്തിനുവേണ്ടി കൊടുക്കുവാനും ഇടവകയ്ക്കുവേണ്ടി കൊടുക്കുവാനും (ആത്മീയമായും ഭൗതീകമായും) നമുക്ക് സാധിക്കട്ടെ.

ഈജിപ്തിൽ അടിമത്വത്തിലായിരുന്ന ജനത്തെ രക്ഷിച്ച് ഇസ്രായേലിൽ തേനും പാലും ഒഴുക്കുന്ന ദേശത്തേയ്ക്ക് ദൈവം അവരെ കൊണ്ടുവന്നു. നമ്മുടെ ജന്മദേശത്തുനിന്ന് അകന്ന് ബോംബെയിൽ താമസിക്കുമ്പോൾ ദൈവത്തിൻെറ അദൃശ്യമായ ഒരു സംരക്ഷണം നമ്മളെ സംരക്ഷിച്ചു പോകുന്നു. ദൈവത്തിൻെറ പദ്ധതിയുടെ ഒരു ഭാഗമായിരുന്നു ഇസ്രായേൽ ജനം ഒരു ഒറ്റ ജനതയായി കാനാനിൽ താമസിക്കുക എന്നത് ഇവടെയും നമ്മളെ ക്കുറിച്ചുള്ള ദൈവത്തിൻെറ പദ്ധതി യാഥാർത്ഥ്യമാക്കുകയാണ്. മറോൾ ഇടവക കുടുംബം മുഴുവൻ ഒന്നായിരിക്കുക ദൈവത്തിൻെറ സ്നേഹം ആസ്വദിക്കുന്നവരാകുക എന്നുള്ളത് ദൈവത്തിൻെറ പദ്ധതിയാണ്.

നമുക്കു കിട്ടുന്നതിൻെറ ദശാംശം ദൈവത്തിന് സമർപ്പിക്കുക എന്നു പറയുമ്പോൾ എനിക്ക് അനുഗ്രഹങ്ങൾ തന്ന ദൈവത്തിനുള്ള സമ്മാനമാണത്. തിരുവചനത്തിൽ ഇപ്രകാരം പറയുന്നു. ഉല്പത്തി 4:20ൽ പറയുന്നു: ''ശത്രുക്കളെ നിൻെറ കൈയ്യിലേല്പിച്ച അത്യുന്നത ദൈവം അനുഗ്രഹീതൻ, അബ്രാം എല്ലാറ്റിൻെറയും ദശാംശം അവനു കൊടുത്തു.''

നമ്മുടെ ദശാംശം ദൈവത്തിന് വിശുദ്ധമായ ഒരു കാര്യം കൂടിയാണ്. ലേവ്യരുടെ പുസ്തകം 27:30ൽ പറയുന്നു: ''ധാന്യങ്ങളോ വൃക്ഷങ്ങളുടെ ഫലങ്ങളോ ആയി ദേശത്തുള്ളവരുടെയെല്ലാം ദശാംശം കർത്താവിനുള്ളതാണ്. അവ കർത്താവിന് വിശുദ്ധമാണ്.'' ദൈവത്തിന് ദശാംശം കൊടുക്കുക എന്നത് ദൈവത്തിൻെറ പദ്ധതിയും തീരുമാനവുമാണ്. നിയമ 14:24-ൽ പറയുന്നു: ''ഓരോ മൂന്നു വർഷത്തിൻെറയും അവസാനം ആ കൊല്ലം നിനക്കു ലഭിച്ച ഫലങ്ങളുടെയെല്ലാം ദശാംശം കൊണ്ടുവന്ന് നിൻെറ പട്ടണത്തിൽ സൂക്ഷിക്കണം. '' നിയമ 26:12ൽ പറയുന്നു. ''ദശാംശത്തിൻെറ വർഷ

മായ 3-ാം വർഷം എല്ലാ വിളവുകളുടേയും ദശാംശം എടുത്ത് നിന്റെ പട്ടണത്തിലുള്ള ലേവ്യർക്കും പരദേശികൾക്കും അനാഥർക്കും വിധവകൾക്കും നൽകണം.''

ഇസ്രായേൽ ജനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയും തീരുമാനവുമായിരുന്നു അത്. ഇസ്രായേൽ ജനത്തെ പങ്കുവയ്ക്കലിന്റെ പാതയിലേയ്ക്കു കടന്നുവരാൻ ദൈവം അവരെ പഠിപ്പിക്കുകയായിരുന്നു. ഈ തിരുവചനങ്ങൾ നമ്മുടെ ചിന്തകളേയും ഈ തലത്തിലേയ്ക്ക് എത്തിക്കുകയാണിവിടെ.

കർത്താവിനായി നമ്മുടെ സമ്പത്ത് നമ്മൾ മാറ്റിവയ്ക്കുമ്പോൾ നമ്മടെ ജീവിതവും കുടുംബവും അനുഗ്രഹിക്കപ്പെടുകയാണ് ചെയ്യുക. കാരണം മലാ 3:10 ൽ പറയുന്നു : ''ദശാംശം മുഴുവൻ കലവറയിലേയ്ക്കു കൊണ്ടുവരുവിൻ. എന്റെ ആലയത്തിൽ ഭക്ഷണം ഉണ്ടാകട്ടെ. ഞാൻ നിങ്ങൾക്കായി സ്വർഗ്ഗ കവാടങ്ങൾ തുറന്ന് അനുഗ്രഹം വർഷിക്കുകയില്ലേയെന്ന് നിങ്ങൾ പരീക്ഷിക്കുവിൻ.''

നിങ്ങളെ ബുദ്ധിമുട്ടിക്കാനും അസ്വസ്ഥതപ്പെടുത്താനും അല്ല ഞാൻ ഇത് എഴുതുന്നത്. ക്രിസ്തുരാജന്റെ നാമത്തിലുള്ള ദേവാലയത്തിന് നിങ്ങളുടെ ഭാഗത്തുനിന്നുള്ള ഒരു കോൺട്രിബ്യൂഷൻ. അതു ചെറുതായാലും വലുതായാലും സന്തോഷത്തോടുകൂടിയായിരിക്കട്ടെ. കാരണം പ്രഭാ 35:11ൽ പറയുന്നു. ''കാഴ്ച സമർപ്പിക്കുമ്പോൾ മുഖം വാടരുത്, സന്തോഷത്തോടെ ദശാംശം കൊടുക്കുക.''

പ്രിയമുള്ളവരെ സ്നേഹത്തോടുകൂടി സന്തോഷത്തോടു കൂടി കർത്താവിന്റെ വാക്കുകൾ മനസ്സിൽ ധ്യാനിച്ചുകൊണ്ട് നമുക്ക് നല്ലൊരു തീരുമാനം എടുക്കാം. അങ്ങനെ ക്രിസ്തുമസ്സും പുതുവത്സരവും ഒരു നല്ല അനുഭവമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. ഒരിക്കൽക്കൂടി കുടുംബാംഗങ്ങൾ എല്ലാവർക്കും

ക്രിസ്തുമസ് - പുതുവത്സരാംശസകൾ

എന്ന് സ്നേഹത്തോടെ,

നിങ്ങളുടെ വികാരി

ജെബിനച്ചൻ

# EPIPHANY (DENHAKALAM)

This season begins on the Sunday nearest to the feast of Denha. The weeks ascribed to it are seven, but may extend even up to 10, according to the date of Easter. Similarly, there will be only 4 or 5 or 6 weeks sometimes between the feast of Denha and the beginning of the Great Fast.

Denha reminds us of the Baptism of Iso' M'siha In Kerala, St.Thomas Christians used to call this feast as Pindipperunal or Rakkulipperunal. In the northern parts of Kerala, where they call it Pindipperunal, they used to erect and decorate with torches the trunk of a plantain (pindi) in front of their houses on the eve of this feast, make dances and sing songs of a particular type around it in the evening in connection with the family prayer. From the whole festivity it shows itself to be a feast of light and Denha, the epiphany, is really a feast of light. In the southern parts of Kerala, this feast is called Rakkulipperunal. Rakkuli in Malayalam means 'bath at night'. In ancient days they used to have a ritual bath in the nearest river or pont on the eve of this feast after the Evening Liturgy, singing Psalms and local hymns. It was done in remembrance of the baptism of our Lord in Jordan. It is from this practice the name Rakkuli developed.

The Gospel of the day contains the narration of the Baptism of Iso' M'siha (Mt 3, 1-17). Through His baptism, Christ has purified and renewed the human nature. He opened the gates of heaven and revealed Himself to all men, living in darkness. What is mostly stressed in this period is the humility and humanity of Christ. Baptism is figured as the source of all supernatural graces.

The prayers of this period highly insist on the revelation of the Holy Trinity. We may quote only a few lines from the Onitha d-Ramsa of the third Saturday to establish this fact. It reads thus: "Those who are in the heaven and on earth grasped the Mystery of Triune Divinity ... in the

manifesttion of Christ and they began to praise repeatedly the sanctity of its honour" (Bedjan, 1, p. 136).

The central feast of this period is the Epiphany celebration on the 6th of January. This feast appears to have had its origin in Alexandria in relation to the winter solstice, which according to the pre-Julian calendar fell on January 6th. It was also the day on which the Alexandrians used to celebrate the virgin birth of Aeon, the god of time. Thus it is a real case of substituting a pagan feast with a Christian feast of similar meaning.

The Church celebrates the following feasts of the temporal cycle too during this period:

| | | |
|---|---|---|
| **First Friday** | **:** | **St John the Baptist** |
| **Second Friday** | **:** | **SS. Peter and Paul** |
| **Third Friday** | **:** | **The Evangelists** |
| **Fourth Friday** | **:** | **St. Stephen** |
| **Fifty Friday** | **:** | **The Greek Doctors** |
| **Sixth Friday** | **:** | **The Syrian Doctors** |
| **Seventh Friday** | **:** | **The Patron Saint of each Church** |
| **Eighth Friday** | **:** | **All the Departed** |

This seems to be a magnificent arrangement that no one else can foresee. We have already noted that Epiphany signifies the manifestation of Divinity through the humanity of Iso' M'siha. John the Baptist was the first to witness to this manifestation; SS. Peter and Paul stand as the pillars of the Church to whom is confided this Mystery to be manifested to generations. The Evangelists are those who recorded this revealed Mystery for the future generations. St. Stephen, the protomartyr, was the first to bear witness to this revelation by shedding his own blood. The Doctors of the Church are those who taught the people, interpreting this revelation authentically. ***The Patron Saint of each church is a constant inspiration to the local community to live and realise the Word of the Father uttered in His only begotten Son. And finally, the Departed are those who bore witness to this revelation in their daily life through suffering and at the end by their death (Abbot Odilo of Cluny (994-1048) instituted the commemoration of all Souls on the next day of all Saints day (November 2) for his monastery. The influence of Cluny soon led to its universal extension in the Latin Church. In Oriental church, it is always commemorated in relation with the Mystery of Christ.*** In view of the period to follow, the Great Fast, the remembrance of the Departed is very significant. The Church intends here, to induce us to think of eschatological realities through the suffering and death of the departed, and thus to renew our life.

In addition to this, there is the Fast of the "Rogation of the Ninivites" for three days in the second week before the beginning of the Great Fast. Among the Thomas Christians there was the custom of an agape in the Church on all the three days after liturgical functions. The Fathers who instituted such fasts had always in mind to offer to the people an occasion to make retreats. Thus, the period of Epiphany, by manifesting the Divine concern for human salvation, disposes man to an intense preparation for Resurrection.

**Fr Joseph Pathiparambil MCBS**

## Children of God

We are the world,
We are the children,
We are the one who keep the faith along,
The Devil is coming, to take us away from God,
But we stay, away from him.

We are the church,
We are the future,
We are the ones who believe in the saviour,
We take pride in being the children of God.

We are the angels,
We are the future,
We are the ones who carry the burden of life,
We are the supporters of the Church.

So we take pride to be known as the
"Children of God".

**- Shaun Sibi Kollannur**
Vimala Matha Unit

## ഇടവക റിപ്പോർട്ട്

ഒരു ക്രിസ്ത്യാനിയുടെ ആത്മീയ വളർച്ചയുടെ അഭിവാജ്യഘടകങ്ങളാണ് ധ്യാനങ്ങളും തിരുനാളുകളും. അതിലൂടെ ഓരോ വ്യക്തിയും ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കുകയാണ് ചെയ്യുന്നത്. ഇക്കഴിഞ്ഞ ദിനങ്ങൾ മറോൾ ക്രിസ്തുരാജ് ഇടവകാംഗങ്ങളും ഈയൊരനുഭവത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്.

### വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ

ഒക്ടോബർ 1-ാം തിയ്യതി വെള്ളിയാഴ്ച വൈകുന്നേരം 7.30ൻെറ ദിവ്യബലിയിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു.

### യാത്രയയപ്പ്

ജർമ്മനിയിൽ വൈദിക ശുശ്രൂഷയ്ക്കായിപോയ ബഹുമാനപ്പെട്ട ജിസ് മംഗലിയച്ചന് ഒക്ടോബർ 3-ാം തിയ്യതി ഞായറാഴ്ച രണ്ടാമത്തെ കുർബ്ബാനയ്ക്കുശേഷം സ്നേഹ നിർഭരമായ യാത്രയയപ്പ് നൽകി.

### KEY Cross Procession

നവംബർ 5,6,7 തിയ്യതികളിലെ യൂത്ത് കൺവെൻഷന് ഒരുക്കമായി കല്യാൺ എപ്പാർക്കി യൂത്ത് രൂപതാടിസ്ഥാനത്തിൽ നടത്തിയ ക്രോസ് പ്രൊസഷന് ഒക്ടോബർ 24-ാം തിയ്യതി ഞായറാഴ്ച പള്ളിയിൽ സ്വീകരണം നൽകി.

### Jubilee Cross

ജീസസ്സ് യൂത്ത് മൂവ്മെൻറിൻെറ 25-ാം വാർഷികം പ്രമാണിച്ച് 2010 ജനുവരി 1-ാം തിയ്യതി ആസ്ട്രേലിയായിലെ സിഡ്നിയിൽ നിന്നാരംഭിച്ച World Wide Jubilee Cross Procession ന് ഒക്ടോബർ 30-ാം തിയ്യതി ശനിയാഴ്ച ക്രിസ്തുരാജ് ദൈവാലയത്തിൽ ഭക്തിപൂർവ്വമായ സ്വീകരണവും തുടർന്ന് പ്രാർത്ഥനയും നടത്തി.

### പരിശുദ്ധ മാതാവിൻെറ ജപമാലാചരണം

ഈ വർഷത്തെ മാതാവിൻെറ ജപമാല ഒക്ടോബർ 1-ന് പള്ളിയിൽ ആരംഭിച്ചു. ഒക്ടോബർ 2-ാം തിയ്യതി മുതൽ 21-ാം തിയ്യതിവരെ ഇടവകയിലെ ഓരോ വീടുകളിലും കൊന്തനമസ്ക്കാരം നടത്തി. 22-ാം തിയ്യതി മുതൽ 31-ാം തിയ്യതിവരെ പള്ളിയിൽവെച്ച് നടത്തിയ ജപമാലയ്ക്ക് ഇടവക യൂണിറ്റുകൾ നേതൃത്വം നൽകി.

### അർദ്ധവാർഷിക ധ്യാനം

കാലടി MCBS ദിവ്യകാരുണ്യ ധ്യാന കേന്ദ്രം ഡയറക്ടർ റവ. ഫാ. സൈജു തുരുത്തിയിൽ, ഒക്ടോബർ 29, 30,31 തിയ്യതികളിൽ നടത്തിയ ധ്യാനത്തിന് ഇടവകാംഗങ്ങൾ വളരെ താല്പര്യത്തോടും, ഭക്തിയോടും കൂടെ പങ്കെടുത്തു. വിശുദ്ധ ബലി അർപ്പിക്കുന്നതിന് മനസ്സിൻെറ വിശുദ്ധിമാത്രം പോരെന്നും ശരീരത്തിൻെറ ഓരോ അവയവങ്ങളും വിശുദ്ധമായിരിക്കണമെന്നും, എങ്ങനെ വിശുദ്ധി കൈവരിക്കാമെന്നും സൈജു അച്ചൻ നമ്മെ പഠിപ്പിച്ചു.

### പിതൃവേദി

നവംബർ 7-ാം തിയ്യതി രണ്ടാമത്തെ കുർബ്ബാനക്കുശേഷം പിതൃവേദിയുടെ മീറ്റിംഗ് നടത്തുകയുണ്ടായി. പിതൃവേദി രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വട്ടമറ്റം, പ്രസിഡണ്ട് മി. ജോസ് ജോസഫ്, സെൻട്രൽ കമ്മറ്റി അംഗം മി. ജേക്കബ് മലയാപുറം എന്നിവർ പിതൃവേദി എന്ത്, എന്തിന്, എങ്ങനെ പ്രവർത്തിക്കണം എന്നതിനെപ്പറ്റി വിശദമായി പ്രതിപാതിക്കുകയുണ്ടായി.

### ചിറ്റിലപ്പിള്ളി പിതാവിന് സ്വീകരണം.

മുൻ കല്യാൺ രൂപതാ ബിഷപ്പ് മാർ പോൾ ചിറ്റിലപ്പിള്ളിക്ക് നവംബർ 23-ാം തിയ്യതി വികാരി ജെബിൻ പത്തിപ്പറമ്പിലച്ചനും ഇടവകാംഗങ്ങളും ചേർന്ന് ഹൃദ്യമായ സ്വീകരണം നൽകി.

### സകല വിശുദ്ധരുടെ ദിനം

സകലവിശുദ്ധരുടേയും തിരുനാൾ നവംബർ 1-ാം തിയ്യതി വൈകുന്നേരം 7.30ൻെറ വിശുദ്ധബലിയിൽ ആചരിച്ചു.

### സകല മരിച്ചവരുടേയും ദിനം

സകലമരിച്ചവരുടേയും ദിവസമായ നവംബർ 2-ാം തിയ്യതി ബഹുമാനപ്പെട്ട വികാരിയച്ചൻ സെൻറ് ജോൺസ് സെമിത്തേരിയിൽ ഇടവകയിൽ നിന്നുള്ള പരേതാത്മാക്കളുടെ കുഴിമാടങ്ങളിൽ ഒപ്പീസ് ചൊല്ലുകയും തുടർന്ന് ദൈവാലയത്തിൽ ദിവ്യബലി അർപ്പിക്കുകയും ചെയ്തു.

### ക്രിസ്തുരാജിൻെറ തിരുനാൾ

ക്രിസ്തുരാജിൻെറ തിരുനാൾ നവംബർ 18,19,20,21 തിയ്യതികളിൽ ആഘോഷിച്ചു. 18-ാം തിയ്യതി വികാരി ജെബിനച്ചനും 19-ാം തിയ്യതി റവ. ഫാ. മാത്യു നിരപ്പേലും, 20-ാം തിയ്യതി റവ. ഫാ. സിബി താന്നിക്കലും തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി. 21-ാം തിയ്യതി റവ. ഫാ.

അനൂപ് പൊയ്യാണിയിൽ തിരുനാൾ കുർബ്ബാന അർപ്പിക്കുകയും റവ. ഫാ. റ്റെന്നി പാറക്ക തിരുനാൾ സന്ദേശം നൽകുകയും ചെയ്തു.

**ഇടവകദിനം**

ഈ വർഷത്തെ ഇടവകദിനം നവംബർ 28-ാം തിയ്യതി മഹാകാളി കനോസാ സ്കൂൾ ഓഡിറ്റോറിയത്തിൽവച്ച് ഏറ്റവും ഉചതിമായി ആഘോഷിച്ചു.

ഇടവകദിനത്തോടനുബന്ധിച്ച് കുട്ടികളുടേയും യുവജനങ്ങളുടേയും മുതിർന്നവരുടേയും വിവിധയിനം മത്സരങ്ങൾ നവംബർ 7,13,14,21 തിയ്യതികളിൽ നടത്തുകയുണ്ടായി.

ഇടവകദിനത്തിൻെറ തുടക്കമായി വൈകിട്ട് 3.40ന് റവ. ഫാ. ലിജോ ചാലിശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ ആരംഭിച്ച ദിവ്യ ബലിയിൽ വികാരി ജെബിൻ പത്തിപ്പറമ്പിലച്ചനും, സിബി താന്നിക്കലച്ചനും സഹകാർമ്മികരായിരുന്നു. തുടർന്നു ചേർന്ന പൊതുയോഗത്തിൽ വികാരിയച്ചൻെറ സ്വാഗത പ്രസംഗത്തിനു ശേഷം രണ്ടാം ട്രസ്റ്റി മി. ടി. എം. ജോസ് ഇടവക റിപ്പോർട്ട് അവതരിപ്പിച്ചു. ശേഷം മുഖ്യാതിഥി എം. സി. ബി. എസ്. എമ്മാവൂസ് പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഡോ. ഫ്രാൻസീസ് കൊടിയൻ നിലവിളക്ക് കൊളുത്തി ഇടവകദിനാഘോഷം ഉത്ഘാടനം ചെയ്യുകയും വളരെ വിജ്ഞാനപ്രദമായ ഒരു പ്രസംഗം ചെയ്യുകയും ചെയ്തു.

ആകർഷകമായ സ്റ്റേജ് ഓപ്പണിങ്ങും ക്യാറ്റിക്കിസം കുട്ടികളുടെയും, യുവജനങ്ങളുടേയും, മുതിർന്നവരുടേയും, വൈവിധ്യമാർന്ന പലവിധ കലാപരിപാടികൾ ഏവർക്കും കണ്ണിനും കാതിനും ആനന്ദം നൽകുന്നവയായിരുന്നു എന്നു മാത്രമല്ല, ഇടവകാംഗങ്ങളുടെ കഴിവുകൾ തെളിയിക്കുന്നവയുമായിരുന്നു.

പാരീഷ്ഡെയോടനുബന്ധിച്ച് വിവിധ പ്രായപരിധികളിലായി നടത്തിയ വിവിധയിനം മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയ സെൻറ് മേരീസ് യൂണിറ്റിനും രണ്ടാം സ്ഥാനം നേടിയ ലിറ്റിൽ ഫ്ലവർ യൂണിറ്റിനും, മൂന്നാം സമ്മാനം നേടിയ സേക്രട്ട് ഹാർട്ട് യൂണിറ്റിനും ഏവർറോളിംഗ് ട്രോഫികൾ നൽകി. മത്സരങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ പോയിൻറുകൾ നേടി മികച്ച ഫാമിലിയായി തെരഞ്ഞെടുക്കപ്പെട്ട മി. അഗസ്റ്റിൻ പോളിനെയും കുടുംബത്തേയും ഏറ്റവുമധികം വ്യക്തിഗത പോയിൻറുകൾ നേടിയ മാസ്റ്റർ റിച്ചാർഡ് ബിജുവിനെയും മെമെൻേറാകൾ നൽകി ആദരിച്ചു.

സാഹിത്യമത്സരങ്ങളിൽ കവിതാരചനക്ക് മിസ് എയ്ജൽ വർഗ്ഗീസ് ഒന്നാം സ്ഥാനവും, പൗലോസ് പുളിത്തറ എവർറോളിംഗ് ട്രോഫിയും നേടി.

മിസ്സിസ് ഡോ. അന്നമ്മ പോൾ സ്റ്റോറി റൈറ്റിംഗിന് ഒന്നാം സ്ഥാനവും വട്ടയ്ക്കാട്ടു മാത്യു മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, Essy Writingന് ഒന്നാം സ്ഥാനവും, ജെയിംസ് ജേക്കബ് മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും കരസ്ഥമാക്കി.

യൂണിറ്റടിസ്ഥാനത്തിൽ നടത്തിയ ടാബ്ലോ മത്സരത്തിൽ ഒന്നാം സ്ഥാനം സെൻറ് മേരീസ് യൂണിറ്റും, രണ്ടാം സ്ഥാനം ലിറ്റിൽ ഫ്ലവർ യൂണിറ്റും, മൂന്നാം സ്ഥാനം സെൻറ് ജോസഫ് യൂണിറ്റും നേടുകയും എവർ റോളിംഗ് ട്രോഫികൾ കരസ്ഥമാക്കുകയും ചെയ്തു.

കലാപരിപാടികൾക്കൊടുവിൽ ഒന്നാം ട്രിസ്റ്റി മി. വി. എം. ജോർജ് ഏവർക്കും നന്ദി പറയുകയും തുടർന്ന് സമ്മാനദാനവും നടത്തി. സ്നേഹവിരുന്നോടെ ഇടവക ദിനാഘോഷങ്ങൾക്ക് തിരശ്ശീല വീണു.

**കാറ്റിക്കിസം സോണൽ കോമ്പറ്റീഷൻസ്**

ഡിസംബർ 5-ാം തിയ്യതി ക്രിസ്തുരാജ് പള്ളിയിൽ വെച്ച് നടത്തിയ അന്ധേരി കാറ്റിക്കിസം സോണൽ കോമ്പറ്റീഷനിൽ മൂന്ന് ഒന്നാം സ്ഥാനവും ഒരു രണ്ടാം സ്ഥാനവും ഒരു മൂന്നാം സ്ഥാനവും നമ്മുടെ കുട്ടികൾ കരസ്ഥമാക്കുകയും ക്രിസ്തുരാജ് പാരീഷ് Overall Championship നേടുകയും ചെയ്തു.

**അന്ധേരി സോണൽ കൺവെൻഷൻ**

ജുഹു -വർസോവ സെൻറ്. മേരീസ് സ്ക്കൂളിൽ വച്ച് ഡിസംബർ 11, 12 തിയ്യതികളിൽ നടത്തിയ അന്ധേരി സോണൽ കൺവെൻഷന് നമ്മുടെ ഇടവകയിൽ നിന്നും നല്ലൊരു ശതമാനം അംഗങ്ങൾ പങ്കെടുക്കുകയുണ്ടായി. റവ. ഫാ. ജോയി ചേഞ്ചേരിൽ നടത്തിയ ധ്യാന പ്രസംഗം വിശുദ്ധ കുർബ്ബാനയുടെ അർത്ഥവും വ്യാപ്തിയും എത്രയാണെന്ന് മനസ്സിലാക്കിതരുന്നതായിരുന്നു. സമാധാനത്തിൻെറയും സ്നേഹത്തിൻെറയും സന്ദേശമായ ക്രിസ്മസിൻെറയും പുതുവത്സരത്തിൻെറയും ആശംസകൾ നേർന്നുകൊണ്ട്

പള്ളിക്കമ്മറ്റിക്കുവേണ്ടി,
വി. എം. ജോർജ്ജ് & ടി. എം. ജോസ്
ട്രസ്റ്റിമാർ

## G. K. CHESTERTON AND THE CATHOLIC FAITH

### Role Models

The crux of the problem of modern life is how to keep our sanity amidst all the bewildering allurements. In our pursuit of this goal, we have an excellent example in the life of G. K. Chesterton who was born a non-Catholic and, after dabbling in a lot of sinister occult practices, all in the quest of genuine lasting happiness and values, finally came to the Catholic Church, to profess its Faith and participate with it to fulfill his mission on earth.

St. Paul the Apostle had remarked in his letter that few great intellects were called to the faith, because God wanted to make the wisdom of the wise seem foolish. When intellectuals do come to the faith, they often explain to fellow intellectuals why they have come into this religion they used to scorn. Such a need to apologize has even given the world classics like St. Augustine's Confessions, Cardinal Newman's Apologia and a real gem of Christian apologetics from the great Victorian writer Chesterton, through his classic book called Orthodoxy.

Born a Unitarian, Chesterton traveled from skepticism to Christianity during his early life, mostly by analyzing the various free-thinking philosophies he encountered as a lecturer. Noting in them what he considered serious errors in their concept about the nature of the universe, Chesterton published a criticism of several major writers of his day, including Rudyard Kipling, George Bernard Shaw, and H. G Wells, all Heretics and agnostics. The fact is they were all his bitter opponents but close friends at the same time.

Since Chesterton was both a genius and the product of a saner era than our own, the ideas which coursed through his head may astonish modern readers. He seems to turn the world on its head. To Chesterton, faith is only reason, orthodoxy is liberty, the order of our universe is as unexpected as the wildest fairy tale, and heeding tradition is as natural as allowing all citizens to franchise to form polities. The readers at first will think him just a little bit weird, but as they warm up to his approach, they will begin to feel that perhaps his point of view is healthier than theirs, and in the best of cases they will begin to right themselves and accept him.

### Testing Times

The fallacies against which Chesterton argued have run their full course in the 20$^{th}$ century, and everything Chesterton claimed they would produce has come to pass. Chesterton predicted modernism would lead to nihilism and in the following 80 years the world went mad exactly there. Chesterton predicted that questioning everything would lead to the abandonment of reason, and postmodernism has finally admitted to exactly that. Chesterton claimed that man was at the crossroads, and man clearly made the wrong turn.

Orthodoxy is subtitled the Romance of Faith, because Chesterton's thesis claims that it is romance, mystery, allegories, which keep men sane and connect them with eternal truth. By contrast, the Materialists' insistence on fact-finding for everything within our universe is like the delusion of a man who thinks he is God. Only count their numbers now and you will find them numerous.

At first take, insisting on mysteries violates our 20$^{th}$ century intuition, but it turns out to be the right prescription for the disease; Materialism errs precisely because it lacks humility, and restoring mystery to the cosmos also restores our humility before God's creation.

### Tradition, Customs, Conventions

Chesterton cites his discoveries about the world and the faith as they occurred to him, in order, during his journey to faith. He read al the Doubters of the Faith and wondered, this Catholicismmust be an extraordinary religion to incite so diverse and contradictory a set of claims against it. He discovered that the Church predicted each of the truths he was discovering about the world and its

inhabitants. He noticed that all attempts to make Christianity more liberal or scientific or free actually made the world more tyrannical, more limited and more colorless and drab.

Thus Chesterton came to understand the great beauty and romance of orthodoxy – our good old traditions, customs and conventions. He saw that only within the bounds of orthodoxy were men free to innovate, to advance, to fight tyranny, oppression or poverty.

The orthodoxy defended here is an old and ecumenical one, the doctrine articulated in the Apostles' Creed. He claims to lack the space to address the question of where lies the seat of apostolic authority. However, there is herein a challenge to Protestants worth mentioning: Chesterton is Catholic and his notion of orthodoxy includes not only the creeds but the Church which embodies them. Thus he labors to make the Non-Catholic Christian Brothers to respect traditional thought, a sense of profound joy, submission and gratitude for the creation. He gives life a high level of sanity as well as civility which is absent in the present materialistic culture.

Orthodoxy should be required reading for any modern seeker and for those who defend Catholicism at every opportunity. It is also useful for anyone who wants a more general overview of man's place in the universe. Orthodoxy is a thinkers' paradise, mostly because it goes beyond mere thought to a deep feeling, to joy and humility, where man and God rejoice together in the great event of creation. And the realization of this truth is the crux of God's gift to us.

**Varkey Kunjaparambil**

## HOW TO CURE YOUR TENSION ?

The moment you are in ***tension***
You will lose your ***attention***
Then you are in total ***confusion***
And yuou'll feel ***irritation***
Then you'll spoil personal ***relation***
Untimately, you won't get ***co-operation***
Then you'll make things ***complication***
Then your BP may also rise ***caution***
And you may have to take ***medication***
Instead, understand the ***situation***
And try to think about the ***solution***
Many problems will be solved by ***discussion***
Which will work out better in your ***profession***
Don't think it's my free ***suggestion***
It is only for your ***prevention***
If you understand my ***intention***
You'll never come again to ***tention !!***

## FATHER



4 Years : My daddy can do any thing
7 Years : My dad knows a lot, a whole lot
8 years : My father doesn't know quite everything.
12 Years : Oh, well, naturally father doesn't know that either.
14 Years : Father ? Hopelessly old fashioned.
21 Years : Oh, that man is out of date. What did you expect?
25 Years : He knows a little bit about it, but not much.
30 Years : May be we ought to find out what dad thinks.
35 Years : A little patience.
Let us get Dad's assessment before we do anything.
50 Years : I wonder what dad would have thought about that. He was pretty smart.
60 Years : My dad knew absolutely everything.
65 Years : I'd give anything if Dad were here so I could talk over with him, I really miss that Man.

# കുടുംബം സഭയുടെ അടിസ്ഥാനം

കുടുംബം എന്ന് പറയുന്നത് കൂടുമ്പോൾ ഇമ്പ മുള്ള ഒന്നാണ്. കൂടുമ്പോൾ ഇമ്പം ആകണ മെങ്കിൽ ഒരുപാട് കാര്യങ്ങൾ നാം ചെയ്യേണ്ട തുണ്ട്. ഒന്നിച്ച് പ്രാർത്ഥിക്കണം, ഒന്നിച്ച് ആഹാരം കഴിക്കണം, സങ്കടങ്ങളും സന്തോഷ ങ്ങളും പങ്കുവെക്കണം അങ്ങിനെയുള്ള ഒരു കുടുംബം തീർച്ചയായും കൂടുമ്പോൾ ഇമ്പമുള്ള താകും. അതുപോലെ തന്നെ സഭയും. നമുക്ക് അറിയാം നമ്മുടെ സഭയിൽ രൂപത, ഇടവക, യൂണിറ്റുകൾ, കുടുംബങ്ങൾ ഇത് എല്ലാം ഒന്നു ചേർന്ന് സഭയാകുന്ന മതാവിനെ നാം ബഹുമാനിക്കുകയും ചെയ്യുമ്പോൾ, അത് വഴി കൂടുതൽ ഈശോയിലേക്ക് അടുക്കുകയും ഈശോ വഴി നാം ദൈവത്തിൽ എത്തിചേരു കയും അവിടുന്ന് നല്കിയ വാഗ്ദാനം പ്രാപിക്കുകയും ചെയ്യും.

എന്നാൽ കുടുംബമില്ലാതെ സഭയിൽ നിലനിൽപ്പുണ്ടാവുകയില്ല. കുടുംബമാണ് സഭയെ ഭൗമികമായി താങ്ങിനിർത്തുന്നത്. കുടുംബങ്ങൾ ഒന്നുചേരുമ്പോൾ അത് യൂണിറ്റ് ആകുന്നു. യൂണിറ്റ് ഒന്നുചേരുമ്പോൾ അത് കൂട്ടായ്മ. അങ്ങനെ എല്ലാവരും ഒന്ന് ചേർന്ന് ദൈവത്തെ സ്തുതിക്കാൻ ദൈവഭവനം അതാ യത് ചർച്ച് രൂപമെടുക്കുന്നു.

ഈശോ പറയുന്നു: ''ഞാൻ വന്നിരിക്കുന്നത് നിങ്ങളിൽ ജീവൻ ഉണ്ടാകുന്നതിനും അത് സമൃദ്ധമായി ഉണ്ടാകുന്നതിനും ആണ്'' (സെൻറ് ജോൺ 10:10). നമ്മുടെ കുടുംബത്ത് ഈശോ വന്നെങ്കിൽ, നമ്മുടെ നാഥനായി നാം സ്വീകരിക്കണം. സ്വീകരിച്ചാൽ മാത്രമെ അവിടെ വെളിച്ചം ഉണ്ടാവുകയൊള്ളു. അല്ലെങ്കിൽ ഓരോ കുടുംബവും അന്ധകാരത്തിൽ ആയി ത്തീരും. ഈശോ നമ്മുടെ ഹൃദയത്തിൽ നിറഞ്ഞ് നിൽക്കണമെങ്കിൽ നാം പ്രാർത്ഥനാ ശീലമുള്ളവരാകണം. സ്നേഹിക്കുന്നവരാ കണം. ക്ഷമയുള്ളവരാകണം. സഹനശക്തി ഉണ്ടായിരിക്കണം. ദൈവത്തെ സ്നേഹിക്കുന്ന വർക്ക് തീർച്ചയായും ശിക്ഷണം ഉണ്ടാകും . തൻെറ മക്കളായി സ്വീകരിക്കുന്നവരെ പ്രഹരി ക്കുകയും ചെയ്യുന്നു. നമ്മെ തിരുത്തുന്നതിന് നമുക്ക് ആത്മീക പിതാക്കന്മാർ ഉണ്ട്. എന്നാൽ ദൈവം നമ്മെ പരിശീലിപ്പിക്കുന്നത് നമ്മുടെ നന്മക്കും അവിടുത്തെ പരിശുദ്ധയിൽ നമ്മെ പങ്കുകാരാക്കുന്നതിനും ആണ്.

അപ്പോൾ നമുക്ക് ബുദ്ധിമുട്ടുണ്ടാകുമ്പോൾ നാം മനസ്സിലാക്കണം. ദൈവം നമ്മെ സ്നേഹി ക്കുന്നു എന്ന്. ഓരോ കുടുംബങ്ങളും സഭയിലെ ഓരോ അവയവമാണ്. നാം ഓരോരുത്തരും ഈശോയുടെ ശരീരത്തിലെ അവയവങ്ങളാണ് അപ്പോൾ. ഈശോ പറയുന്നു; ഞാൻ മുന്തിരി വള്ളിയും നിങ്ങൾ ശാഖകളും ആണ് എന്ന്. ഓരോ കുടുംബത്തിനും ഒരു ശരീരത്തിൻെറ അവയവംപോലെ പ്രവർത്തിക്കേണ്ടതുണ്ട്. കാരണം ശരീരത്തിൻെറ ഒരവയവം വേർപെട്ടു പോയാൽ നമുക്ക് വേദനയും ബുദ്ധിമുട്ടും ഉണ്ടാകും. അതുപോലെ ഒരു കുടുംബം സഭയിൽ നിന്നും വേർപെട്ടുപോയാൽ തീർച്ചയായും വേദനിക്കും.

നമ്മുടെ യൂണിറ്റുകളിൽ എല്ലാവരും ഒന്ന് ചേർന്ന് പ്രവൃത്തിക്കുന്നു. അതുപോലെ പള്ളിയിലെ എല്ലാ യൂണിറ്റുകളും ഒന്ന് ചേർന്ന് ഒത്തൊരു മയോടെ പ്രവൃത്തിച്ചാൻ മാത്രമെ നമ്മുടെ ദേവാലയം നിലനിൽക്കുകയുള്ളു. ഇന്ന് നമ്മുടെ കുടുംബങ്ങളിൽ 2 കുട്ടികളെ നോക്കാൻ മാതാപിതാക്കൾ ബുദ്ധിമുട്ടുന്നു. അപ്പോൾ പള്ളിയിലെ, സഭയിലെ എല്ലാ മക്കളേയും ഒന്നിച്ച്, സൊരുമിച്ച് കൊണ്ടുപോകുന്നതിന് സഭാ നേതാക്കൾ ഒരുപാട് അദ്ധ്വാനിക്കുന്നു. എന്നാൽ കുടുംബങ്ങളിൽ മക്കളെ ദൈവ ത്തിൻെറ മക്കളായി വളർത്തിയാൽ എത്ര നന്നായിരുന്നു.

ഈശോ പറയുന്നു നിങ്ങളുടെ ഹൃദയം കഠിന മാക്കരുത്. ഈശോ തൻെറ സന്തോഷങ്ങൾ ഉപേക്ഷിച്ച്, അപമാനങ്ങൾ വകവെക്കാതെ, ക്ഷമയോടെ കുരിശ് സ്വീകരിച്ചു. നമുക്ക് വേണ്ടി തന്നെ ഉപദ്രവിച്ചവരിൽ നിന്ന് എത്രമാത്രം സഹിച്ചെന്ന് ചിന്തിക്കുവിൻ. ഈശോ തൻെറ ഏകബലി സമർപ്പണം വഴി നമ്മെ വിശുദ്ധീ കരിച്ചു. എന്നാൽ വിശുദ്ധീകരിക്കപ്പെടാതെ നമുക്ക് കർത്താവിനെ ദർശിക്കാൻ സാധിക്കു കയില്ല.

സഭ വളരണമെങ്കിൽ തീർച്ചയായും നമ്മുടെ

കുടുംബങ്ങളിൽ നിന്നും ധാരാളം ദൈവവിളികൾ ഉണ്ടാകണം. വിളവു ധാരാളം, വേലക്കാർ ചുരുക്കം അതുകൊണ്ട് വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ എന്നാണ് വചനം പറയുന്നത്. നമ്മുടെ മക്കൾക്ക് ദൈവ വിളികൾ ഉണ്ടാകണം എങ്കിൽ തീർച്ചയായും മാതാപിതാക്കൾ പ്രാർത്ഥിക്കുകയും മക്കളെ ദൈവത്തിന് സമർപ്പിച്ച് വളർത്തുകയും വേണം. ദൈവവിളികൾ ധാരാളം ഉണ്ടെങ്കിലെ നമുക്ക് അച്ചൻമ്മാരും കന്യാസ്ത്രീകളും ഉണ്ടാവുകയുള്ളു. സഭയുടെ നിലനിൽപ്പിന് ഏറ്റവും പ്രധാന്യം ഉള്ള ഒരു ഘടകമാണ് വൈദികർ.

അതുപോലെതന്നെ നമ്മുടെ കുടുംബങ്ങളിൽ ഉള്ളവർ വഴികാട്ടികളാകണം. പങ്കുവെക്കുന്നവരാകണം, എന്നാൽ ഇന്ന് നമ്മൾ കാണുന്നത് സമ്പാദിക്കുക, കുന്നുകൂട്ടുക, ആസ്വദിക്കുക, വലിച്ചെറിയുക എന്ന മനോഭാവമാണ്. നമ്മുടെ ചുറ്റുമുള്ളവരെ കാണാത്ത അവസ്ഥ. ആർക്കും സമയമില്ല. ഇന്ന് മാധ്യമങ്ങൾ മക്കളെ വഴിതെറ്റിക്കുന്നോ, അതോ, അറിവ് പകരുന്നോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ യുവജനങ്ങൾ പള്ളിയിൽ വരുന്നു. പലരും പുറത്ത് നിൽക്കുന്നു (Out Standing) എന്നാണ് വിശേഷിപ്പിക്കുന്നത്. വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കാൻ താല്പര്യം കാണിക്കാതെവരുന്നു. അവരുടെ വിശ്വാസം കുറയുന്നു. നമ്മുടെ വിശുദ്ധർ എത്രമാത്രം സഹിച്ച്, വിശ്വാസത്തിൽ ഉറച്ച് നിന്ന് ഒഴുക്കിനെതിരെ നീന്തികയറി അവർ ദൈവ സന്നിധിയിൽ പ്രവേശിച്ചു. അപ്പോൾ സഭയുടെ വളർച്ചക്ക് എത്രയും പ്രാധാന്യം അർഹിക്കുന്നു കുടുംബം എന്ന് നമുക്ക് മനസ്സിലാക്കാം. അതുകൊണ്ട് കുടുംബം സഭയോടൊത്ത് സഭയെതാങ്ങി നിർത്തുന്ന ഒന്നാകണം. അതിന് മാതാപിതാക്കൾ വളരെ ദൈവഭക്തിയും ദൈവഭയവും ഉള്ളവരും, എല്ലാ സംഘടനകളിലും, എല്ലാം ദൈവത്തിനും സഭയ്ക്കും, അതിനെ നയിക്കുന്ന നേതാക്കനമാർക്കും, ഗുരുക്കൾക്കും കീഴ്വഴങ്ങി ജീവിച്ച് സഭയുടെ അവിഭാജ്യഘടകമായ കുടുംബം മുന്നോട്ട് പോയാൽ മാത്രം കുടുംബം സഭയുടെ അടിസ്ഥാന ഘടകം എന്ന് വിശേഷിപ്പിക്കാം.

**Dr. (Mrs.) Annamma Paul**

## THE CHRISTMAS STORY

Read the Gospel of St.Luke 2:1-20 for the Christmas Story and solve this crossword.

**ACROSS**

2. _______ to God in the highest heaven
5. A town in Galilee
7. Baby Jesus was laid in a
8. She was engaged to Joseph
9. The city of David
10. They watched their flock by night

**DOWN**

1. He was a descendent of the family of David
3. To you is born this day a Savior, who is the __________
4. He was the governor of Syria
6. He issued a decree that everybody should be registered




(For Answer See Next Issue)

# യൂണിറ്റ് വാർത്തകൾ

**ക്രിസ്തുരാജ് യൂണിറ്റ്**
(ഭണ്ഡാർവാഡാ)

ഇഹലോകത്തിലും പരലോകത്തിലും നമ്മുടെ അമ്മയായ പരി. അമ്മയോടുള്ള വണക്കമായി ജപമാലയ്ക്കായി പ്രത്യേകം മാറ്റിവെച്ചിട്ടുള്ള മാസമായ ഒക്ടോബറിൽ സാധാരണ നടത്താറുള്ളതുപോലെ കൊന്ത നമസ്ക്കാരം ക്രിസ്തുരാജ് യൂണിറ്റിലെ എല്ലാ വീടുകളിലും, പള്ളിയിലുമായി നടത്തപ്പെട്ടു. യൂണിറ്റിലെ എല്ലാ അംഗങ്ങളും ആ ജപമാല പ്രാർത്ഥനയിൽ പങ്കെടുത്ത് പുണ്യത്തിൽ കൂടുതൽ അഭിവൃദ്ധിപ്പെടുവാനും, പരി. അമ്മയുടെ മാദ്ധ്യസ്ഥത്തിലൂടെ ഈശോയിലേക്ക് അടുക്കുവാനും, ധാരാളം അനുഗ്രഹങ്ങൾ പ്രാപിക്കുവാനും സാധിച്ചു. ഭവനങ്ങളിൽ നടത്തിയ ജപമാലയ്ക്ക് സമാപനദിനം ബഹു. ജബിൻ പത്തിപറമ്പിൽ അച്ചന്റെ സാന്നിദ്ധ്യം കൂടുതൽ മനോഹാരിതമാക്കി. യൂണിറ്റടിസ്ഥാനത്തിൽ നടത്തിയ ജപമാലയ്ക്കും ശുശ്രൂഷകൾക്കും ക്രിസ്തുരാജ് യൂണിറ്റും, സെന്റ് ജോൺസ് യൂണിറ്റും സംയുക്തമായി നേതൃത്വം നല്കി. ഒക്ടോബർ 29, 30, 31 തീയ്യതികളിൽ സൈജു തിരുത്തിയിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തിയ അർദ്ധവാർഷിക ധ്യാനത്തിൽ ഈ യൂണിറ്റിൽ നിന്നും ഒട്ടുമിക്ക അംഗങ്ങളും പങ്കെടുത്തു. നവംബർ 1,2 സകല വിശുദ്ധരുടേയും എല്ലാ ആത്മാക്കളുടേയും തിരുനാളിന് നമ്മുടെ പള്ളിയിൽ നടത്തപ്പെട്ട വി. കുർബ്ബാനയിലും ശുശ്രൂഷകൾക്കും ഈ യൂണിറ്റിൽ നിന്നും എല്ലാ അംഗങ്ങളും തന്നെ പങ്കെടുത്തു. നവംബർ 5,6,7 തീയ്യതികളിൽ കല്യാൺ രൂപത യുവജനങ്ങൾക്കായി ഒരുക്കിയ ഫെയ്ത്ത് ബൈബിൾ കൺവെൻഷനിൽ ഈ യൂണിറ്റിൽ നിന്നും എല്ലാ യുവജനങ്ങളും പങ്കെടുക്കുകയുണ്ടായി.

നവംബർ 18-21വരെയുള്ള ദിവസങ്ങളിൽ ക്രിസ്തുരാജത്വ തിരുനാൾ ആഘോഷങ്ങളിൽ ഈ യൂണിറ്റിലെ അംഗങ്ങൾ ഭക്തി നിർഭരമായി വി. കുർബ്ബാനയിലും ക്രിസ്തുരാജിന്റെ നൊവേനയിലും, ലദീഞ്ഞിലും, പ്രദക്ഷണത്തിലും പങ്കെടുക്കുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തു. നവംബർ മാസത്തിൽ യൂണിറ്റടിസ്ഥാനത്തിൽ വി. ദിവ്യബലി മദ്ധ്യേയുള്ള വി. ഗ്രന്ഥപാരായണം ഈ യൂണിറ്റംഗങ്ങൾ ഭംഗിയായി നിർവ്വഹിക്കുകയുണ്ടായി.

ഈ യൂണിറ്റിലെ മിസ്സിസ് ആനിപോൾ ആട്ടോക്കാരന്റെ വത്സലമാതാവ് 13-11-2010ന് നിര്യാതയായി. പരേതയുടെ മൃത സംസ്ക്കാരം 14-11-201ന് ഒല്ലൂക്കര സെന്റ് ജോസഫ് ചർച്ചിൽ നടത്തപ്പെട്ടു. പാരീഷ്ഡേയോടനുബന്ധിച്ച് നടന്ന കോമ്പറ്റീഷനിൽ പങ്കെടുത്ത വിജയതേക്കാൾ

| | | |
|---|---|---|
| സീന വർഗ്ഗീസ് | - 1st Prize | - Essay Writing |
| | - 2nd Prize | - Extempore Speech |
| ഫിനിപോൾ | - 3rd Prize | - Poem Writing |
| ലൂസി വർഗ്ഗീസ് | - 3rd Prize | - Bible Reading |
| സെറീന ആന്റണി | - 2nd Prize | - Essay Writing |

വിജയികളായവർക്ക് യൂണിറ്റംഗങ്ങൾ എല്ലാവരുടേയും അഭനന്ദനങ്ങൾ.

ക്രിസ്തുമസ്സിനൊരുക്കമായി നമ്മുടെ പള്ളിയിൽ ഡിസംബർ മാസം രാവിലെ എല്ലാ ദിവസവും വി. കുർബ്ബാന ആരംഭിച്ചിരിക്കുകയാണല്ലോ. ആത്മീയതയിലേക്ക് കൂടുതൽ അടുക്കുവാനും ഉണ്ണീശോയുടെ പിറവിയ്ക്ക് ത്യാഗമനോഭാവത്തോടെ ഒരുങ്ങുന്നതിനും ഈ സംരംഭം വളരെ ഹൃദ്യമാണ്. ജെബിൻ പത്തിപറമ്പിൽ അച്ചനെ അനുമോദിക്കുന്നു.

എല്ലാവർക്കും ക്രിസ്തുമസ്സിന്റേയും, പുതുവത്സരപ്പിറവിയുടേയും മംഗളങ്ങളും, ആശംസകളും!!!

ക്രിസ്തുരാജ് യൂണിറ്റിനുവേണ്ടി,

**ശ്രീമതി ആനി പോൾ**

## ലിറ്റിൽ ഫ്ലവർ യൂണിറ്റ്
(ബ്ലോസം, അശോക് നഗർ)

ലിറ്റിൽ ഫ്ലവർ യൂണിറ്റിൻെറ കുടുംബ പ്രാർത്ഥന എല്ലാമാസവും 3-മത്തെ ശനിയാഴ്ച ഇടവക വികാരിയച്ചൻെറ നേതൃത്വത്തിൽ നടത്തി വരുന്നു. ഈ കുടുംബ പ്രാർത്ഥനയിൽ യൂണിറ്റിലെ എല്ലാ അംഗങ്ങളും സജീവമായി പങ്കെടുക്കുന്നു.

ഒക്ടോബർ 1-ാം തിയ്യതി ലിറ്റിൽ ഫ്ലവർ യൂണിറ്റിൻെറ മദ്ധ്യസ്ഥ വി. കൊച്ചുത്രേസ്യയുടെ തിരുനാൾ വൈകീട്ട് 7 മണിക്ക് കൊന്ത നമസ്ക്കാരത്തോടും ദിവ്യ ബലിയോടും കൂടി ആഘോഷിച്ചു. യൂണിറ്റിൽ നിന്ന് എല്ലാവരും പങ്കെടുത്തു. ഒക്ടോബർ 2-ാം തിയ്യതി ലിറ്റിൽഫ്ലവർ യൂണിറ്റിൻെറ വാർഷികം പ്രമാണിച്ച് യൂണിറ്റിലെ എല്ലാവരും ചേർന്നു ഒരു പിക്നിക് പ്ലാൻ ചെയ്തു. മലാഡിൽ അക്സ ബീച്ച്‌ലേക്ക് ജിസ്ച്ചൻെറയും ജിബിൻ അച്ചൻെറയും നേതൃത്വത്തിൽ യാത്ര തിരിച്ചു. ഇതിൽ യൂണിറ്റിൽ നിന്നും 30 പേർ പങ്കെടുത്തു. ഒരു 3 മാസക്കാലം നമ്മുടെ ഇടവകയിൽ വളരെ മനോഹരമായി സേവനം ചെയ്ത ജിസച്ചനെ യൂണിറ്റിലെ എല്ലാവരും ചേർന്നു ഒരു യാത്രയപ്പ് നൽകുകയും ചെയ്തു. അതോടൊപ്പം പുതിയതായി എത്തിയ ജിബിൻ അച്ചനെ ഏറ്റവും ഹാർദ്ദവമായി സ്വാഗതം ചെയ്തു. അന്നുതന്നെ ലിറ്റിൽഫ്ലവർ യൂണിറ്റിൻെറ വെബ്സൈറ്റ് ജിസച്ചൻ ഉത്ഘാടനം ചെയ്തു. ഇതിൻെറ പിന്നിൽ പ്രവർത്തിച്ച റോഷിൽ അഗസ്റ്റിനെ യൂണിറ്റിൻെറയും എല്ലാവരുടേയും പേരിൽ നന്ദി രേഖപ്പെടുത്തുന്നു. ഒക്ടോബർ 1-ാം തിയ്യതി മുതൽ 20-ാം തിയ്യതി വരെ യൂണിറ്റിലെ ഓരോ ഭവനങ്ങളിലേക്കും മെഴുകു തിരി കത്തിച്ച് പരിശുദ്ധ അമ്മയുടെ രുപം വഹിച്ച് ഭകതിസാന്ദ്രമായ പ്രാർത്ഥനയോടെ യൂണി റ്റിലെ എല്ലാവരും ചേർന്നു പ്രദിക്ഷിണത്തോടു കൂടി നിയോഗങ്ങൾ സമർപ്പിച്ചു കൊണ്ടുള്ള കൊന്ത നമസ്ക്കാരവും നടത്തി. സമാപന ദിവസം മി. സാബു ജോസഫിൻെറ ഭവനത്തിൽ വച്ച് നടത്തുകയുണ്ടായി. അവിടെ ജിബിൻ അച്ചൻെറ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതോടൊപ്പം മി. സാബുവും ലാലിയും തന്ന സ്നേഹവിരുന്നിൽ എല്ലാവരും പങ്കുചേർന്നു. യൂണിറ്റിൽ നടത്തിയ കൊന്ത നമസ്ക്കാരത്തിൽ മുടങ്ങാതെ പങ്കെടുത്ത മി. എൻ. ഡി. ജോസ് ചേട്ടനും മിസ്സിസ്. ലീലാമ്മ അലക്സിനും യൂണിറ്റിലെ എല്ലാവരുടേയും സ്നേഹത്തിൻെറ പ്രതീകമായി ഓരോ സമ്മാനം നൽകുകയും ചെയ്തു. തുടർന്നു പള്ളിയിൽ നടത്തിയ കൊന്ത നമസ്ക്കാര ത്തിനും ദിവ്യബലിയിലും ധ്യാനത്തിനും യൂണിറ്റിൽ നിന്ന് നിരവധി കുടുംബങ്ങൾ പങ്കെടുത്തു. നവംബർ 1-ാം തിയ്യതി സകലവിശുദ്ധരുടെ തിരുനാളിലും നവംബർ 2-ാം തിയ്യതി സകല മരിച്ചവരുടെ ഓർമ്മദിന മായി നടത്തിയ ഒപ്പിസിലും ദിവ്യബലിയിലും യൂണിറ്റിൽ നിന്ന് എല്ലാവരും പങ്കെടുത്തു. നവംബർ 18 മുതൽ 21 വരെ ക്രിസ്തുരാജിൻെറ തിരുനാൾ ആഘോഷിച്ചു. യൂണിറ്റിൽ നിന്ന് നിരവധിപേർ പ്രസുദേന്തിമാർ ഉണ്ടായിരുന്നു. 23-ാം തിയ്യതി കല്യാൺ രൂപതയുടെ അദ്യ ബിഷപ്പ് മാർ പോൾ ചിറ്റിലപ്പിള്ളി ക്രിസ്തുരാജ ഇടവകയിൽ രാവിലെ 11 മണിയോടുകൂടി വിസിറ്റ് നടത്തുകയുണ്ടായി. യൂണിറ്റിൽ നിന്ന് കഴിയുന്നത്ര ആളുകൾ ഈ സന്തോഷത്തിൽ പങ്കുചേർന്നു. പിതാവ് നമ്മുടെ ക്ഷേമങ്ങൾ അന്വേഷിക്കുകയും കുടുംബമായി പരിചയം പുതുക്കുകയും, അതോടൊപ്പം അനുഗ്രഹിക്കു കയും ചെയ്തു. പാരീഷ്ഡെയോടനുബന്ധിച്ച് നടത്തിയ കലാകായിക മത്സരങ്ങളിൽ യൂണിറ്റിലെ കുട്ടികളും മുതിർന്നവരും ഒരു പോലെ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തു. പോയിൻറ് അടിസ്ഥാന ത്തിൽ ലിറ്റിൽ ഫ്ലവർ യൂണിറ്റ് 2-ാം സ്ഥാനം കരസ്ഥമാക്കി. നവംബർ 27-ാം തിയ്യതി നടന്ന പാരീഷ് ഡെയിൽ യൂണിറ്റടിസ്ഥാനത്തിൽ നടന്ന ടാബ്ലോ മത്സരത്തിലും യൂണിറ്റ് 2-ാം സ്ഥാനം കരസ്ഥമാക്കി. ഈ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിപ്പിച്ച എല്ലാവർക്കും യൂണിറ്റിൻെറ പേരിൽ നന്ദി അറിയിക്കുന്നു.

ഈ വർഷത്തെ ബെസ്റ്റ് ക്യാറ്റികിസം സ്റ്റുഡൻറ് ആയി മിസ് ട്രീസാ ആൻറണി അവാർഡിന് അർഹയായി ട്രിസയ്ക്ക് ലിറ്റിൽ ഫ്ലവർ യൂണിറ്റിൻെറ എല്ലാവരുടേയും പേരിൽ നന്ദി രേഖപ്പെടുത്തുന്നു. നവബറിർ മറോൾ ക്രിസ്തുരാജ് ചർച്ചിൽ വച്ച് നടത്തിയ യൂത്തി ൻെറ സോണൽ മത്സരത്തിൽ നടത്തിയ ചെസ്സിൽ 3-ാം സ്ഥാനം റോഷിൽ കരസ്ഥമാക്കി. ഡിസംബർ മാസത്തെ കുടുംബ പ്രാർത്ഥന 17-ാം തിയ്യതി മി. സോണി ആൻറണിയുടെ ഭവനത്തിൽ വച്ച് കൂടാൻ തീരുമാനിച്ചു.

എന്ന് സെക്രട്ടറി,
മിസ്സിസ് അന്നമ്മ മാത്യു.

## സെൻറ് തോമസ് യൂണിറ്റ്
(ഭവാനി നഗർ)

സെൻറ് തോമസ് കൂട്ടായ്മയുടെ പ്രാർത്ഥനാ യോഗം എല്ലാമാസവും മുടങ്ങാതെ നടത്തി പോരുന്നു. നവംബർ മാസത്തിലെ പ്രാർത്ഥനാ യോഗം മി. സോജൻ ജോസഫിൻെറ കുടുംബ ത്തിൽ ജെബിനച്ചൻെറ നേതൃത്വത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം യൂണി റ്റിലെ എല്ലാവരും വളരെ സജീവമായി ത്തന്നെ പങ്കെടുത്തിരുന്നു. ജെബിനച്ചന് യൂണിറ്റിലെ കുടുംബാംഗങ്ങളെ പരിചയപ്പെടുവാനും ഇതവസരമൊരുക്കി.

നവംബർ 21ന് നടത്തിയ ക്രിസ്തുരാജിൻെറ തിരുനാളിൽ, യൂണിറ്റിലെ അംഗങ്ങൾ ഭക്തിപുരസരം പങ്കെടുത്തിരുന്നു. നവംബർ 28ന് നടന്ന പാരീഷ് ഡെയിലെ കൾച്ചറൽ പ്രോഗ്രാമുകളിൽ നമ്മുടെ യൂണിറ്റിലെ കുട്ടികളും മുതിർന്നവരും പങ്കെടുക്കുകയും, സമ്മാനങ്ങൾ നേടുകയും ചെയ്തു.എല്ലാവരേയും സെൻറ് തോമസ് കൂട്ടായ്മയുടെ പേരിൽ അഭിന ന്ദിക്കുന്നു. ഇനിയും സെൻറ് തോമസ് യൂണിറ്റി ൻെറ എല്ലാ പ്രവർത്തനങ്ങളിലും, യൂണിറ്റിലെ എല്ലാവരും ഒരുമയോടെ പ്രവർത്തിക്കുന്ന തിനും, ഈശോയുടെ അനുഗ്രഹം വാങ്ങുന്ന തിനും, നമ്മുടെ മദ്ധ്യസ്ഥൻ വഴി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. നല്ലവനായ ദൈവം നമ്മളേവരേയും അനുഗ്രഹിക്കട്ടെ.

എന്ന്, യൂണിറ്റിനു വേണ്ടി,
സെക്രട്ടറി, സോജൻ ജോസഫ്

## സെൻറ് ജോർജ്ജ് യൂണിറ്റ്
(ജെ. ബി. നഗർ)

ഒക്ടോബർ 1 മുതൽ 20 വരെ വീടുതോറും ഉള്ള കൊന്ത നമസ്ക്കാരം സെൻറ്. ജോർജ്ജ് യൂണിറ്റിലെ എല്ലാവീടുകളിലും വെച്ച് നടത്തുക യുണ്ടായി. അതിൽ മുടങ്ങാതെ പങ്കെടുത്ത യൂണിറ്റ് അംഗങ്ങളെ എല്ലാം വളരെ സ്നേഹ ത്തോടെ ഓർക്കുന്നു. അതിനുശേഷം ഒക്ടോ ബർ 22 മുതൽ 30 വരെ ക്രിസ്തുരാജ് ചർച്ചിൽ വെച്ച് നടത്തിയ കൊന്ത നമസ്ക്കാരത്തിലും യൂണിറ്റിലെ എല്ലാ കുടുംബങ്ങളും തന്നെ പങ്കെടുക്കുകയും മാതാവിൻെറ അനുഗ്രഹം നേടുകയും ഉണ്ടായി. അതിനോടനുബന്ധിച്ച് നടത്തിയ പള്ളിയുടെയും മാതാവിൻെറയും അലങ്കാരത്തിൽ പങ്കെടുത്ത നമ്മുടെ യൂണി റ്റിലെ അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു. കൊന്ത നമസ്ക്കാരത്തിനോടൊപ്പം നടത്തിയ അർദ്ധവാർഷിക ധ്യാനത്തിലും യൂണിറ്റ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. ധ്യാനം വളരെ അനുഗ്രഹപ്രദമായിരുന്നുവെന്ന് അംഗ ങ്ങൾ അഭിപ്രായപ്പെട്ടു. ധ്യാനം നടത്തിയ സൈജു തുരുത്തിയിൽ അച്ചനെ ഏറ്റവും സ്നേഹത്തോടെ ഓർക്കുന്നു. അച്ചൻെറ യോഗാ ക്ലാസ്സുകൾ വളരെ ഉപകാരപ്രദ മായിരുന്നുവെന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറയുകയുണ്ടായി.

നവംബർ മാസത്തിലെ പ്രാർത്ഥനാകൂട്ടായ്മ മി. ഈ. സി. ആൻറണിയുടെ വസതിയിൽ വെച്ച് നടത്തുകയുണ്ടായി. അപ്രതീക്ഷിതമായ കാലാവസ്ഥ മാറ്റവും മഴയും ശക്തമായ കാറ്റും അവഗണിച്ച് യൂണിറ്റിലെ മിക്ക അംഗങ്ങളും കുട്ടികളോടൊപ്പം അന്നേ ദിവസം അവിടെ എത്തിചേർന്നു എന്നത് ഏറ്റം പ്രശംസ അർഹി ക്കുന്നു. എല്ലാവരേയും ഏറെ നന്ദിയോടെ സ്മരിക്കുന്നു.

നവംബർ 5,6,7 എന്നീ ദിവസങ്ങളിൽ വിക്രോളിയിൽ വച്ച് യുവജനങ്ങൾക്കായി നടത്തിയ കരിസ്മാറ്റിക് കൺവെൻഷനിൽ സെൻറ് ജോർജ്ജ് യൂണിറ്റിലെ യുവജനങ്ങൾ എല്ലാവരും പങ്കെടുത്തു എന്നത് ഏറ്റം സന്തോഷം നൽകുന്നു. യൂണിറ്റംഗങ്ങൾ അവരെ അഭിനന്ദനം അറിയിക്കുന്നു. പാരീഷ് ഡെയോടനുബന്ധിച്ച് പല ദിവസങ്ങളിലായി നടത്തപ്പെട്ട വിവിധതരം കലാ മത്സരങ്ങൾ യൂണിറ്റിൽ നിന്നും മിക്കവരും പങ്കെടുക്കുക യുണ്ടായി. സമ്മാനം കരസ്ഥമാക്കിയ റോഷൻ ജെയിംസ്, മിൻസി മാത്യു, സ്റ്റെഫി സോൾ വർഗ്ഗീസ്, സോളി വർഗ്ഗീസ് എന്നിവരെ യൂണിറ്റംഗങ്ങൾ എല്ലാവരും അഭിനന്ദിക്കുന്നു. യുവജനങ്ങളിൽ ഏറ്റവും കൂടുതൽ പോയിൻറ് നേടിയ സ്റ്റെഫി സോൾ വർഗ്ഗീസ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

നവംബർ 18, 19, 20, 21 എന്നീ ദിവസങ്ങളിലായി നടത്തിയ ക്രിസ്തുരാജൻെറ തിരുനാളിൽ നമ്മുടെ യൂണിറ്റ് അംഗങ്ങൾ എല്ലാവരും തന്നെ സജീവമായി പങ്കെടുക്കുകയുണ്ടായി. നമ്മുടെ ഇടവക മദ്ധ്യസ്ഥനായ ക്രിസ്തുരാജൻെറ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. നവംബർ 28ന് മഹാകാളി കാനോസ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ പാരീഷ് ഡെയിൽ യൂണിറ്റംഗങ്ങൾ എല്ലാവരും തന്നെ എത്തുകയുണ്ടായി. അന്നേ ദിവസം നടത്തിയ കലാപരിപാടികളിൽ പങ്കെടുത്ത റോഷൻ ജയിംസ്, ലിബിൻ വർഗ്ഗീസ്, സ്റ്റെഫി സോൾ വർഗ്ഗീസ്, എന്നീ കുട്ടികളെ സെൻറ് ജോർജ്ജ് അംഗങ്ങൾ അഭിനന്ദനം അറിയിക്കുന്നു.

ഡിസംബർ 5ന് നമ്മുടെ പള്ളിയിൽവെച്ച് നടത്തിയ ക്യാറ്റികിസം സോണൽ കോമ്പറ്റീഷനിൽ സമ്മാനം നേടിയ റോഷൻ ജയിംസ്, ഡെന്നി ഡേവിഡ് എന്നീ കുട്ടികളെ അഭിനന്ദനം അറിയിക്കുന്നു. നമ്മുടെ യൂണിറ്റ് അംഗമായ മി. ഡേവിഡ് ജോസഫിൻെറ വൽസല പിതാവ് നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. അതോടൊപ്പം ആ കുടുംബത്തിന് യൂണിറ്റംഗങ്ങൾ എല്ലാവരും അനുശോചനം അറിയിക്കുന്നു. ഡിസംബർ മാസത്തിലെ പ്രാർത്ഥനായോഗം 15-ാം തിയ്യതി മി. ഡേവിഡിൻെറ വസതിയിൽ ചേരാനും തീരുമാനിച്ചു.

ഡിസംബർ 11,12, ദിവസങ്ങളിൽ അന്ധേരിവെസ്റ്റ് സെൻറ് മേരീസ് സ്കൂളിൽ വച്ച് നടത്താനിരിക്കുന്ന സോണൽ കരിസ്മാറ്റിക് കൺവെൻഷനിൽ നമ്മുടെ യൂണിറ്റിൽ നിന്നും 16 പേരോളം പങ്കെടുക്കുമെന്ന് അറിയിക്കുകയുണ്ടായി. നമ്മുടെ പാരീഷിൻെറയും ഞങ്ങളുടെ യൂണിറ്റിൻെറയും എല്ലാ കാര്യങ്ങളിലും ആത്മാർത്ഥതയോടും ഏറെ ചൈതന്യത്തോടും പ്രവർത്തിക്കുന്ന നമ്മുടെ ജബിനച്ചനെ സെൻറ് ജോർജ്ജ് അംഗങ്ങൾ എല്ലാവരും ഏറെ സ്നേഹത്തോടെ സ്മരിക്കുന്നു.

വൈസ് പ്രസിഡണ്ട്
**സോളി വർഗ്ഗീസ്**

### സെൻറ് ജോൺ യൂണിറ്റ്
(ചർച്ച് ഏരിയാ)

സെൻറ് ജോൺ യൂണിറ്റിലെ കുടുംബ കൂട്ടായ്മയ പതിവുപോലെ എല്ലാമാസത്തിലും രണ്ടാമത്തെ ചൊവ്വാഴ്ച നടത്തിവരുന്നു. നവംബർ മാസത്തിലെ പ്രാർത്ഥനായോഗം മിസ്റ്റർ സി. കെ. ജോസഫിൻെറ ഭവനത്തിൽ നടത്തുകയുണ്ടായി. പരിശുദ്ധ അമ്മയോടുള്ള വണക്കമായി കൊണ്ടാടുന്ന ഒക്ടോബർ മാസത്തിൽ യൂണിറ്റംഗങ്ങൾ എല്ലാവരും ഒത്തുചേർന്ന് ഓരോ വീടുകളിലും മാറി മാറി കൊന്ത നമസ്ക്കാരം നടത്തി. ഇടവകയിൽ 10 ദിവസം നടന്ന കൊന്ത നമസ്ക്കാരത്തിലും തുടർന്നുണ്ടായ ദിവ്യബലിയിലും യൂണിറ്റിലെ ഏല്ലാവരും തന്നെ സജീവമായി പങ്കെടുത്തു. ഒക്ടോബർ 25-ാം തിയ്യതി കൊന്തക്ക് ഈ യൂണിറ്റും ക്രിസ്തുരാജ് യൂണിറ്റും ചേർന്ന് നേതൃത്വം നല്കി.

29 മുതൽ 31 വരെ നടത്തിയ അർദ്ധവാർഷിക ധ്യാനത്തിലും യൂണിറ്റിലെ എല്ലാവരും തന്നെ സഹകരിക്കുകയുണ്ടായി. നവംബർ 1-ാം തിയ്യതി സകല വിശുദ്ധൻമാരുടെ ദിനമായി ആചരിച്ചപ്പോൾ എല്ലാവരും പള്ളിയിൽ എത്തിച്ചേർന്നു. സകല മരിച്ചവരുടെ ദിനമായ രണ്ടാം തിയ്യതി യുണിറ്റംഗങ്ങൾ ഏല്ലാവരും സെൻറ് ജോൺ സെമിത്തേരിയിൽ ഒത്തുചേർന്ന് നമ്മുടെ ഇടയിൽ നിന്നും വേർപിരിഞ്ഞുപോയ എല്ലാവർക്കും വേണ്ടിയും പ്രാർത്ഥിക്കുകയുണ്ടായി തുടർന്നു നമ്മുടെ പള്ളയിൽ വച്ചു നടത്തിയ കുർബ്ബാനയിൽ ഏല്ലാവരും സംബന്ധിച്ചു. ഈ വർഷം ക്രിസ്തു രാജിൻെറ തിരുനാൾ കൊണ്ടാടിയപ്പോൾ എല്ലാദിവസവും യൂണിറ്റംഗങ്ങൾ മുടങ്ങാതെ എത്തിചേർന്നു.

നമ്മുടെ പള്ളിയിൽ വച്ചു നടത്തിയ പാരീഷ്ഡെ കോമ്പറ്റീഷനിൽ യൂണിറ്റിലെ മിക്കവരും പങ്കുചേരുകയും വിജയം കരസ്ഥമാക്കുകയും ചെയ്തു.

**സമ്മാനങ്ങൾ കരസ്ഥമാക്കിയവർ**

റിക്കി വർഗ്ഗീസ്, ഡെലിന, ലിജു, റീന, ജോൺസൻ, ജസ്റ്റിൻ, റോബിൻ, സിനോരാ

യൂണീറ്റിനുവേണ്ടി മത്സരിച്ച് സമ്മാനത്തി നർഹരായ എല്ലാവർക്കും യൂണിറ്റിൻെറ പേരിൽ അഭിനന്ദനങ്ങൾ. നവംബർ മാസം 28-ാം തിയ്യതി കനോസ്സാ സ്ക്കൂളിൽ നടത്തിയ പാരീഷ് ഡെയിൽ യൂണിറ്റിലെ എല്ലാവരും പങ്കെടുക്കു കയും ട്രോഫികൾ കരസ്ഥ മാക്കുകയും ചെയ്തു. ഡിസംബർ 5-ാം തിയ്യതി നമ്മുടെ ഇടവകയിൽ സോണൽ തലത്തിൽ നടന്ന മത്സരങ്ങളിൽ നമ്മുടെ യൂണിറ്റിൽ നിന്നും പങ്കെടുത്ത് ഒന്നാം സമ്മാനം നേടിയ ജെസ്റ്റിനും മരിയക്കും യൂണിറ്റിൻെറ പേരിൽ അഭിനന്ദനങ്ങൾ. ഈ ചെറിയ കാലയളവിൽ വളരെ ഭംഗിയായി എല്ലാ കാര്യങ്ങളും നടത്തുന്ന ജെബിൻ പത്തിപ്പറമ്പിൽ അച്ചന് നന്ദി പറയുന്ന തോടൊപ്പം എല്ലാവർക്കും ക്രിസ്തുമസ്സി ൻെറയും പുതുവത്സരത്തിൻെറയും ആശംസകൾ നേരുന്നു.

യൂണിറ്റിനുവേണ്ടി, സെക്രട്ടറി
**ലിറ്റി നിക്സൺ**

### സെൻറ് പോൾ യൂണിറ്റ്
(ചിമ്മത്പാട)

ഈ യൂണിറ്റിലെ സജീവ അംഗമായ മി. ജോജി ജോർജ്ജ് ഇവിടുന്ന് സ്ഥലം മാറി സെൻറ് മേരീസ് യൂണിറ്റിലേക്ക് പോയ വിവരം അറിയിക്കുന്നു. കൂട്ടായ്മയിലെ അംഗങ്ങൾ എല്ലാവരും ചേർന്ന് ഒക്ടോബർ 14-ാം തിയ്യതി പുതിയ ഭവനത്തിൽ കൊന്ത നമസ്ക്കാരം നടത്തുകയും, പ്രത്യേക അനുമോദനങ്ങൾ നല്കുകയും, മി. ജോജിയും, കുടുംബാംഗങ്ങളും ഒരുക്കിയ സ്നേഹ വിരുന്നിൽ പങ്കുകൊള്ളു കയും ചെയ്തു.

ഒക്ടോബർ മാസത്തിൽ എല്ലാ ഭവനങ്ങളിലും മാതാവിൻെറ തിരുസ്വരൂപം കൊണ്ട് നടന്ന് കൊന്ത നമസ്ക്കാരം നടത്തുകയും ചെയ്തു. ഒക്ടോബറിലെ പ്രയർ മി. പി. വി. ജോർജ്ജിൻെറ ഭവനത്തിലും, നവംബറിലെ പ്രയർ മി. കെ. ജി. ബിജുവിൻെറ ഭവനത്തിലും നടത്തുകയുണ്ടായി. സേക്രട്ട് ഹാർട്ട് യൂണിറ്റിൽ നിന്നും സെൻറ് പോൾ യൂണിറ്റിലേക്ക് വന്ന മി. പി. ടി. വർഗ്ഗീസ് മക്കളായ മി. ലിജോ, മി. ജോബി എന്നിവരെയും യൂണിറ്റിലേക്ക് സ്വാഗതം ആശംസിക്കുകയും ചെ്തു. നവംബർ 28-ാം തിയ്യതി നടത്തിയ പാരീഷ് ഡെയിൽ സമ്മാനാർഹരായ എല്ലാ കുട്ടികളെയും അനുമോദിക്കുന്നു. എവർറോളിംഗ് ട്രോഫി കരസ്ഥമാക്കിയ മിസ്സ് എയ്ഞ്ചൽ വർഗ്ഗീസിനെ യൂണിറ്റിൻെറ പേരിൽ പ്രത്യേകം അനുമോദിക്കുന്നു.

വീണ്ടും ഒരു ക്രിസ്തുമസ്സും, പുതുവത്സരവും ആശംസിക്കുവാൻ ഇടനൽകിയ ദൈവത്തിന് നന്ദിയും, എല്ലാവർക്കും ക്രിസ്തുമസ്സിൻെറയും, നവവത്സരത്തിൻെറ ആശംസകളും നേരുകയും ചെയ്യുന്നു.

സ്നേഹത്തോടെ യൂണിറ്റിനുവേണ്ടി
സെക്രട്ടറി
**ലേമാ ലൂക്കോസ്**

### സേക്രഡ് ഹാർട്ട് യൂണിറ്റ്
(ഗാവ്ദേവിതലാവ്)

